പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*512 — 04.07.2013-ൽ മറുപടിക്ക്.

## ബാലവേല കണ്ടെത്താൻ കർശന പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. മുരളീധരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിലും മറ്റ് മേഖല കളിലും ബാലവേല നടക്കുന്നുണ്ടോ എന്നറിയാൻ കർശന പരിശോധന നടത്താൻ നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) കർശന പരിശോധന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബാലവേല നിരോധന നിയമപ്രകാരം തൊഴിൽ വകുപ്പിലെ അസിസ്റ്റൻറ് ലേബർ ഓഫീസർ (ഗ്രേഡ് - 2) മുതലുള്ളവർ പരിശോധന ഉദ്യോഗസ്ഥരാണ്. ആരെങ്കിലും 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കാതെ ഹോട്ടൽ ജോലികൾക്കും വീട്ടുജോലികൾക്കും, വർക്ക്ഷോപ്പിലും കൃഷി സ്ഥലങ്ങളിലും ഇതര തൊഴിൽ മേഖലകളിലും പണിയെടുപ്പിക്കുന്നുണ്ടെങ്കിൽ ആ വിവര ങ്ങൾ തൊഴിൽ വകുപ്പിലോ, പോലീസ് സ്റ്റേഷനിലോ, 1098 ടോൾഫ്രീ നമ്പരായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ചൈൽഡ് ലൈനിലോ വിളിച്ച് അറിയിക്കാവുന്ന താണ്. പരിശോധന വേളയിൽ കുട്ടികളെക്കൊണ്ട് കഠിനമായ ജോലികൾ ചെയ്യിക്കുന്നതായി കണ്ടെത്തുകയാണെ ങ്കിൽ അത്തരം കുട്ടികളെ മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ ഏൽപ്പിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകി യിട്ടുണ്ട്. |
| ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) ബാലവേലയുടെ പരിണിത ഫലങ്ങളെ ക്കുറിച്ച് പൊതു ജനങ്ങളെ ബോദ്ധ്യ പ്പെടുത്താൻ എല്ലാ ജില്ലകളിലും പ്രഗത്ഭരായ വ്യക്തികളെക്കൊണ്ട് ബോധ വത്ക്കരണ ക്ലാസ്സുകൾ/ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇത്തരം ക്ലാസ്സുകൾ/സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ജനശ്രദ്ധയാകർഷി ക്കാൻ ബാലവേലയ്ക്കെതിരായ സന്ദേശങ്ങളട ങ്ങുന്ന ഫ്ളെക്സുകളും, ബാനറുകളും, |

| | |
|---|---|
| | ഡയസിലും സെമിനാർ ഹാളിലേയ്ക്കുള്ള കവാടങ്ങളിലും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തൊഴിൽ വകുപ്പും സാമൂഹ്യ നീതി വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും ജില്ലാ ഭരണകൂടവുമായി സഹകരിച്ച് സംയുക്തമായി ബാലവേല നിരോധനത്തിനായി ബോധവൽക്കരണ ക്യാമ്പുകളും, തെരുവു നാടകങ്ങളും അവതരിപ്പിച്ചുവരുന്നു. കൂടാതെ പ്രധാന സ്ഥാപനങ്ങളിൽ സ്റ്റിക്കർ പതിപ്പിക്കുകയും, ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.<br>ചൈൽഡ് ലൈൻ പോലുള്ള ഗവൺമെന്റിതര ഏജൻസികളും മറ്റു ഏജൻസികളായ റെസിഡൻസ് അസോസിയേഷൻ, എംപ്ലോയീസ് അസ്സോസിയേഷൻസ്, ട്രേഡ് യൂണിയനുകൾ, ആക്ഷൻ ഗ്രൂപ്പുകൾ, കുടുംബശ്രീ മുതലായ ഏജൻസികളുടെയും സഹകരണം ഇതിന് ലഭ്യമാക്കി വരുന്നു. |
| (സി) ബാലവേല സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്? | (സി) ബാലവേല ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിന്റെ കാൾസെന്റർ (0471 - 155360) മുഖേനയോ, 1098 എന്ന ടോൾഫ്രീ നമ്പരിലോ അറിയിക്കാവുന്നതാണ്. തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് - 2) മുതലുള്ളവർ പരിശോധന ഉദ്യോഗസ്ഥരാണ്. ബാലവേല ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ഇവരെ വിവരമറിയിക്കാവുന്നതാണ്. കൂടാതെ ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ തൊഴിൽ വകുപ്പിലെ എല്ലാ ഓഫീസർമാരുടെയും ടെലിഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.